# KERALA STATE FINANCIAL ENTERPRISES STAFF ASSOCIATION

KSFESA CITU

Reg. No. 180 /71, Kottapuram Road, Thrissur-4

(Affiliated to C.I.T.U.No.K.1128)

Email: ksfesacitusc@gamil.com, Web: www.ksfesa.com

President
**Elamaram Kareem**
**9400307786**

General Secretary
**S. Muraleekrishna Pillai**
**9446538432**


## സർക്കുലർ 7/2017

സഖാക്കളേ,

സംഘടനയുടെ സംസ്ഥാന ഭാരവാഹിയോഗം 24-8-17 (വ്യാഴം) രാവിലെ 10.30ന് കെ.എസ്.എഫ്.ഇ സ്റ്റാഫ് അസോസിയേഷൻ തിരുവനന്തപുരം ജില്ലാ കമ്മിറ്റി ഓഫീസിൽ വച്ച് ചേർന്നു. 29-8-17-ന് നിശ്ചയിച്ചിട്ടുള്ള അവകാശദിനവും 20-9-17 ലെ ഹെഡ്ഓഫീസ് ധർണയും വിജയിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ വിലയിരുത്തി.

### തീരുമാനം

1. 2014-15 സാമ്പത്തിക വർഷത്തെ കുടിശിക ബോണസ് പ്രശ്നം ഇന്നത്തെ ചർച്ചയിൽ ഉന്നയിച്ച് പരിഹരിക്കണമെന്ന് തീരുമാനിച്ചു.
2. ശമ്പള പരിഷ്കരണത്തിലെ അരിയർ വിതരണം, ഓപ്ഷൻ മുതലായ വിഷയങ്ങളിൽ ജീവനക്കാർ പരാതികൾ ഉന്നയിച്ചിട്ടുണ്ട്. പരാതികൾ വസ്തുതാപരമായി പരിശോധിച്ച് അടിയന്തര തീരുമാനം ഉണ്ടാക്കണമെന്നാവശ്യപ്പെടാൻ തീരുമാനിച്ചു.

### ബോണസ് ഇൻസെന്റീവ് ചർച്ച

24-8-17ന് ഉച്ചകഴിഞ്ഞ് 3 മണിക്ക് തിരുവനന്തപുരം റീജിയണൽ ഓഫീസിൽ വച്ച് ചർച്ച നടന്നു.

2016-17 സാമ്പത്തിക വർഷം 262.59 കോടി രൂപ പ്രവർത്തന ലാഭവും 145.83 കോടി രൂപ നികുതി ബാധ്യതയും 49.12 കോടി രൂപ Allocable Surplus ഉം 48.31 കോടി രൂപ Balance Allocable Surplus - ഉം കാണിക്കുന്ന കണക്കാണ് മാനേജ്മെന്റ് അവതരിപ്പിച്ചത്. കഴിഞ്ഞ വർഷത്തെ ശമ്പള ചെലവ് (BP+DA+PP) 400.52 കോടി രൂപയാണ്. ഇതിൽ 4713 വർക്ക്മെൻ ജീവനക്കാരുടെ വിഹിതം 193.74 കോടിരൂപയും 1976 ഓഫീസർമാരുടെ വിഹിതം 206.78 കോടി രൂപയുമാണ്. കഴിഞ്ഞ യുഡിഎഫ് ഭരണം നിഷേധിച്ച ശമ്പളപരിഷ്കരണം നടപ്പാക്കിയതും മരവിപ്പിക്കപ്പെട്ടിരുന്ന പ്രമോഷൻ ആനുകൂല്യങ്ങൾ നൽകിയതും പുതുതായി ജീവനക്കാരെ നിയമിച്ചതും മൂലം മുൻവർഷത്തേക്കാൾ 92 കോടി രൂപയുടെ വർദ്ധനവാണ് ശമ്പളത്തിൽ (BP+DA+PP) -ഉണ്ടായത്. തൊട്ട് മുൻവർഷത്തെ ശമ്പളച്ചെലവ് 307.19 കോടി രൂപയായിരുന്നു.

കെ.എസ്.എഫ്.ഇയുടെ പ്രവർത്തന ലാഭത്തിൽ മുൻവർഷത്തേക്കാൾ 81.93 കോടി രൂപയുടെ വർധനവുണ്ടായിട്ടുണ്ട്. മുൻവർഷത്തെ പ്രവർത്തനലാഭം 181.66 കോടി രൂപയായിരുന്നു.

### ചർച്ചയിലെ തീരുമാനങ്ങൾ

#### 1. 2014-15 -ലെ ബോണസ് കുടിശിക

ബോണസ് ആക്ടിൽ കേന്ദ്ര സർക്കാർ വരുത്തിയ ഭേദഗതിയനുസരിച്ച് 2014-15 വർഷത്തെ ബോണസ് വർദ്ധനവ് യുഡിഎഫ് സർക്കാർ നിഷേധിക്കുകയാണുണ്ടായത്. ഈ നടപടി തിരുത്തി അന്ന് ലഭിക്കേണ്ടിയിരുന്ന വർദ്ധിച്ച ബോണസ് വിതരണം ചെയ്യണമെന്ന് നാം നിലവിലുള്ള മാനേജ്മെന്റിനോടും വളരെ ശക്തിയായി ആവശ്യപ്പെടുകയുണ്ടായി. ഈ ആവശ്യം ഉൾപ്പെടെ ഉന്നയിച്ചുകൊണ്ട് നാം പ്രത്യക്ഷ സമരവുമായി മുന്നോട്ട് പോകുകയുമാണ്. ബോണസ് ചർച്ചയുടെ ആരംഭത്തിൽത്തന്നെ നാം ഈ ആവശ്യം ശക്തമായി ഉന്നയിച്ചു. 2014-15 -ലെ ബോണസ് കുടിശിക കണക്കാക്കി എത്രയും വേഗം വിതരണം ചെയ്യുമെന്ന് ചെയർമാനും എം.ഡിയും അറിയിച്ചു.

#### 2. ഫെസ്റ്റിവൽ അഡ്വാൻസ്

താഴെ കൊടുത്തിരിക്കുന്ന രീതിയിൽ ഫെസ്റ്റിവൽ അഡ്വാൻസ് നൽകാൻ തീരുമാനിച്ചു.

വർക്ക്മെൻ (PTS) : 36,000/- രൂപ, വർക്ക്മെൻ (PTS ഒഴികെ) : 50,000/ രൂപ, ഓഫീസർമാർ : 55,000/ രൂപ

അനുവദിച്ചിട്ടുള്ള പരമാവധി തുകയിൽ കുറവ് വാങ്ങണമെന്ന് ആഗ്രഹിക്കുന്ന ജീവനക്കാർക്ക് അതിനുള്ള സൗകര്യവും ഇത്തവണ ഉറപ്പു വരുത്തണമെന്ന ആവശ്യം മാനേജ്മെന്റ് അംഗീകരിച്ചു. അതനുസരിച്ച് ഓരോ വിഭാഗം ജീവനക്കാർക്ക് അനുവദിച്ചിട്ടുള്ള പരമാവധി തുകയോ പരിധിയിൽ കുറഞ്ഞ തുകയോ (1000-ന്റെ ഗുണിതം) ഓപ്ഷൻ നൽകി വാങ്ങാവുന്നതാണ്.

#### 3. 2016-17ലെ ബോണസ്

2016-17 സാമ്പത്തിക വർഷത്തിൽ പ്രതിമാസം 21,000/- രൂപ വരെ ശമ്പളം വാങ്ങിയിട്ടുള്ള ജീവനക്കാർക്ക് പ്രതിമാസം 1400 രൂപാ നിരക്കിൽ ബോണസ് ലഭിക്കും. ഏതെങ്കിലും മാസത്തിൽ 21,000 രൂപ കടന്നിട്ടുണ്ടെങ്കിൽ

ആ മാസത്തെ ബോണസ് ലഭിയ്ക്കില്ല. ഇത്തവണ 991 പേർക്ക് ബോണസ് ലഭിക്കും. 81 ലക്ഷം രൂപയാണ് ബോണസിനത്തിൽ വിതരണം ചെയ്യുക. കഴിഞ്ഞവർഷം 1.57 കോടി രൂപയാണ് ബോണസിനത്തിൽ വിതരണം ചെയ്തത്.

## 4. ഫെസ്റ്റിവൽ അലവൻസ്

ബോണസിന് അർഹതയില്ലാത്ത ജീവനക്കാർക്ക് 2750 രൂപ ഫെസ്റ്റിവൽ അലവൻസ് ലഭിക്കും. റിട്ടയർ ചെയ്ത ജീവനക്കാർക്ക് 5000 രൂപയും 2017 മാർച്ചിന് ശേഷം സർവീസിൽ പ്രവേശിച്ചവർക്ക് 2750 രൂപയും ഗോൾഡ് അപ്രൈസർമാർക്ക് 3500 രൂപയും ഏജന്റുമാർക്ക് 1500 രൂപയും ഫെസ്റ്റിവൽ അലവൻസ് ലഭിക്കും.

## 5. പെർഫോമൻസ് ഇൻസെന്റീവ്

കഴിഞ്ഞ വർഷം നൽകിയ തുക (അതായത് 26.11 കോടി രൂപ) ഇൻസെന്റീവായി വിതരണം ചെയ്യാനുള്ള നിർദ്ദേശം മാനേജ്മെന്റ് മുന്നോട്ട് വച്ചു. ശമ്പളച്ചെലവിൽ ഉണ്ടായ വർധനയും കുടിശിക വർധനവും മനസിലാക്കണമെന്നും കമ്പനിയുടെ അടിസ്ഥാന സൗകര്യ വികസനത്തിന് കൂടുതൽ പണം മുടക്കേണ്ടതുണ്ടെന്നും മാനേജ്മെന്റ് അറിയിച്ചു.

ചെലവ് മാത്രമല്ല വരവും വർധിച്ചിട്ടുണ്ടെന്നും Balance Allocable Surplus 24 കോടിയിൽ നിന്നും 48 കോടിയിലേക്കുയർന്ന വസ്തുത കണക്കിലെടുത്ത് മുൻവർഷത്തെ പോലെ 8.50% ഇൻസെന്റീവ് നൽകണമെന്ന് പൊതു ആവശ്യം ഉയർന്നുവന്നു. എന്നാൽ ധാരണയായില്ല.

തുടർന്ന് 5.30 ന് ധനകാര്യവകുപ്പ് മന്ത്രിയുടെ ചേംബറിൽ ചർച്ച തുടർന്നു. ധനകാര്യസ്ഥാപനങ്ങൾക്ക് റിസർവ്വ് ബാങ്ക് മുന്നോട്ടുവച്ചിട്ടുള്ള ചട്ടങ്ങൾക്കനുസരിച്ച് മതിയായ കരുതൽ Bad & doubtful debt -ന് നൽകിയിട്ടുണ്ടോ എന്നതടക്കം സ്ഥാപനത്തിന്റെ മൊത്തത്തിലുള്ള പ്രവർത്തനത്തിൽ ഗുണപരമായ ആത്മപരിശോധനയ്ക്ക് എല്ലാവരും തയ്യാറാകാണമെന്ന് ധനകാര്യ വകുപ്പ് മന്ത്രി അഭ്യർത്ഥിച്ചു.

ചർച്ചയ്ക്കൊടുവിൽ ന്യായമായ പരിധി ഉണ്ടാകണമെന്ന വ്യവസ്ഥയോടെ. 7.75% നിരക്കിൽ ഇൻസെന്റീവ് നൽകാമെന്ന നിർദ്ദേശം ധനമന്ത്രി മുന്നോട്ട് വച്ചു. സംഘടനകൾ ഈ നിർദ്ദേശത്തെ ഏകകണ്ഠമായി അംഗീകരിച്ചു.

വരിക്കാർക്ക് പെൻഷനും ഇൻഷ്വറൻസ് കവറേജും ഉറപ്പു വരുത്തുന്ന പ്രവാസി ചിട്ടികൾ ഒക്ടോബറിൽത്തന്നെ ആരംഭിയ്ക്കണം. ഇതിനാവശ്യമായ സോഫ്റ്റ് വെയർ തയ്യാറായി കഴിഞ്ഞു. പ്രവാസികളുള്ള എല്ലാ ഭവനങ്ങളിലും നമ്മുടെ സന്ദേശമെത്തണമെന്ന് മന്ത്രി അഭ്യർത്ഥിച്ചു. ചിട്ടിയിൽ ചേർക്കുന്നതു മുതൽ ലേലം, ചിട്ടി തുക വിതരണം ചെയ്യൽ വരെയുള്ള സമസ്ത നടപടിക്രമങ്ങളും online ആയിരിക്കുമെന്ന് മന്ത്രി അറിയിച്ചു. ട്രേഡ് യൂണിയൻ പ്രവർത്തകരും തെരഞ്ഞെടുത്ത ജീവനക്കാരും പങ്കെടുക്കുന്ന ശിൽപശാല നടത്തണമെന്ന് മന്ത്രി നിർദേശിച്ചു. നമുക്ക് കെ.എസ്.എഫ്.ഇ യെ അന്തർദേശീയ നിലവാരത്തിൽ അറിയപ്പെടുന്ന സ്ഥാപനമായി മാറ്റണമെന്നും സർക്കാർ ഒപ്പമുണ്ടെന്നും അറിയിച്ചു.

## 6. ബോണസ് ഇൻസെന്റീവ് ലെവി

മുൻവർഷങ്ങളിലെപോലെ ഇത്തവണയും 3% നിരക്കിൽ ബോണസ്/ഇൻസെന്റീവ് ലെവി അംഗങ്ങളിൽ നിന്നും ശേഖരിക്കാൻ തീരുമാനിച്ചു. ഫെസ്റ്റിവൽ അലവൻസിന് ലെവിയില്ല. ബോണസ് തുകയിൽ നിന്നും ഫെസ്റ്റിവൽ അലവൻസായ 2750 കഴിച്ചുള്ള തുകയുടെ 3% ആണ് ബോണസ് ലെവിയായി ശേഖരിയ്ക്കേണ്ടത്.

സഖാക്കളേ,

സമത്വസുന്ദരമായ മാവേലി ഭരണത്തെ അനുസ്മരിപ്പിക്കുന്ന ഭരണനടപടികളാണ് കേരളത്തിലെ ഇടതുപക്ഷ സർക്കാർ സ്വീകരിക്കുന്നത്. പാവങ്ങളുടെ ക്ഷേമപെൻഷനുകൾ കുടിശ്ശിക തീർത്ത് ഭവനങ്ങളിൽ എത്തിക്കുകയാണ്. കേരളത്തിന്റെ മൺമറഞ്ഞു പോയ കാർഷിക സംസ്ക്കാരം വീണ്ടെടുക്കപ്പെടുകയാണ്. "ഓണത്തിന് ഒരു മുറം പച്ചക്കറി" എന്ന സർക്കാർ മുദ്രാവാക്യം കേരള ജനത ഒറ്റക്കെട്ടായി ഏറ്റെടുത്തു. പുഴയും കായലുമെല്ലാം സംരക്ഷിക്കുന്ന പദ്ധതി ജനകീയ പങ്കാളിത്തത്തോടെ നടന്നുവരികയാണ്. മെച്ചപ്പെട്ട ബോണസും ഉത്സവബത്തയും മുൻകൂർ പ്രഖ്യാപിച്ച് സമസ്തവിഭാഗം തൊഴിലാളികൾക്കും സമയബന്ധിതമായി വിതരണം ചെയ്യുകയാണ് സർക്കാർ.

ഈ ഓണക്കാലത്ത് ചെലവഴിക്കുന്ന തുകയുടെ ഒരു ചെറിയ വിഹിതം കയർ- കൈത്തറി ഉൽപ്പന്നങ്ങൾ വാങ്ങി, പാവങ്ങളോടുള്ള പ്രതിബദ്ധത ഉയർത്തിപ്പിടിക്കണമെന്ന് എല്ലാ വിഭാഗം ജീവനക്കാരോടും അഭ്യർത്ഥിക്കുന്നു. 1000 രൂപയുടെ കൂപ്പൺ എടുത്താൽ 2000 രൂപയുടെ കയർ ഉൽപന്നങ്ങൾ ലഭിക്കുന്ന പദ്ധതി കേരളാ സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. എല്ലാ ജീവനക്കാരും കയർ കൂപ്പൺ എടുത്ത് സഹകരിക്കണമെന്നഭ്യർത്ഥിക്കുന്നു.

അഭിവാദനങ്ങളോടെ,

**എസ്.മുരളീകൃഷ്ണപിള്ള**
ജനറൽ സെക്രട്ടറി

***എല്ലാ ജീവനക്കാർക്കും ഓണം- ബക്രീദ് ആശംസകൾ***